# കോവിഡ്-19 വാക്സിനുകൾ - മോണോവേലന്റ് - ബൈവേലന്റ് താരതമ്യം

Vaccinate WA
CovidVaccineWA.org

**കോവിഡ്-19 വാക്സിനുകളെ വർണിക്കാൻ "മോണോവേലന്റ്", "ബൈവേലന്റ്" എന്നീ പദങ്ങൾ ഉപയോഗിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ടാകാം. ഈ രണ്ട് തരം വാക്സിനുകൾ തമ്മിലുള്ള വ്യത്യാസങ്ങളെ കുറിച്ചും യോഗ്യതയുള്ളപ്പോൾ നവീകരിച്ച ബൈവേലന്റ് ബൂസ്റ്റർ എടുക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും നമുക്ക് സംസാരിക്കാം.**

## മോണോവേലന്റ്, ബൈവേലന്റ് വാക്സിനുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

ഒരു വൈറസിന്റെ ഒരു സ്ട്രെയിൻ അല്ലെങ്കിൽ ഘടകഭാഗം ഉള്ള വാക്സിനാണ് മോണോവേലന്റ് വാക്സിൻ.

ഒരു വൈറസിന്റെ രണ്ട് സ്ട്രെയിനുകൾ അല്ലെങ്കിൽ ഘടകഭാഗങ്ങൾ ഉള്ള ഒരു വാക്സിൻ ആണ് ബൈവേലന്റ് വാക്സിൻ.

## ഏതൊക്കെ കോവിഡ്-19 വാക്സിനുകളാണ് മോണോവേലന്റ്, ഏതൊക്കെയാണ് ബൈവേലന്റ്?

എല്ലാ പ്രാഥമിക സീരീസിനും ഒറിജിനൽ ബൂസ്റ്ററുകൾക്കുമുള്ള ഒറിജിനൽ കോവിഡ്-19 വാക്സിനുകൾ മോണോവേലന്റ്* ആണ്. കോവിഡ്-19 രോഗത്തിന് കാരണമാകുന്ന വൈറസിന്റെ യഥാർത്ഥ സ്ട്രെയിനിൽ നിന്നാണ് ഈ വാക്സിനുകൾ നിർമ്മിച്ചത്.

നവീകരിച്ച Pfizer, Moderna കോവിഡ്-19 ബൂസ്റ്ററുകൾ ബൈവേലന്റാണ്. കോവിഡ്-19 ന്റെ ഒറിജിനൽ സ്ട്രെയിനും പുതിയ ഒമിക്രോൺ വകഭേദത്തിന്റെ സ്ട്രെയിനുകളായ BA.4-ഉം BA.5-ഉം ഉപയോഗിച്ചാണ് അവ നിർമ്മിച്ചത്.

## ബൈവേലന്റ് വാക്സിനുകൾ മോണോവേലന്റിനേക്കാൾ ഫലപ്രദമാണോ?

നവീകരിച്ച ബൂസ്റ്ററുകൾക്കായുള്ള പ്രാഥമിക ക്ലിനിക്കൽ പരീക്ഷണങ്ങൾ കാണിക്കുന്നത്, ബൈവേലന്റ് കോവിഡ്-19 ബൂസ്റ്ററുകൾ, കൊവിഡ്-19 രോഗത്തിനെതിരെ മോണോവേലന്റ് ബൂസ്റ്ററുകളെ അപേക്ഷിച്ച് വിശാലമായ സംരക്ഷണം നൽകുന്നുവെന്നും ഗുരുതരമായ രോഗങ്ങളിൽ നിന്നും/അല്ലെങ്കിൽ മരണത്തിൽ നിന്നും, പ്രത്യേകിച്ച് ഒമിക്രോൺ വകഭേദത്തിൽ നിന്നുമുള്ള സംരക്ഷണത്തിന്റെ കാലയളവ് വർദ്ധിപ്പിക്കുമെന്നുമാണ്.

**Novavax ബൂസ്റ്റർ മോണോവേലന്റ് ആണ്. ഒരു പ്രാഥമിക സീരീസ് പൂർത്തിയാക്കിയ, എന്നാൽ മുമ്പ് ഒരു കോവിഡ്-19 ബൂസ്റ്റർ ലഭിച്ചിട്ടില്ലാത്ത മുതിർന്നവർക്ക് - നവീകരിച്ച ബൈവേലന്റ് എംആർഎൻഎ ബൂസ്റ്റർ എടുക്കാൻ കഴിയില്ലെങ്കിലോ ലഭിക്കില്ലെങ്കിലോ - ഇത് ലഭ്യമാണ്. Novavax ബൂസ്റ്ററുകൾ ഒമിക്രോൺ വകഭേദത്തിന്റെ സ്ട്രെയിനുകളെ **ലക്ഷ്യമിടുന്നില്ല**.*

## ഒരു ബൈവേലന്റ് ബൂസ്റ്റർ എടുക്കേണ്ടത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?

ഒരു ബൈവേലന്റ് ബൂസ്റ്റർ എടുക്കേണ്ടത് പ്രധാനമാണ്, കാരണം അമേരിക്കയിൽ (US) നിലവിൽ പ്രചരിക്കുന്ന കോവിഡ്-19 ന്റെ ഏറ്റവും പ്രബലമായ ഒമിക്രോൺ സ്ട്രെയിനുകളിൽ നിന്നുള്ള സംരക്ഷണത്തിനായി നിർമ്മിച്ച ഒരേയൊരു തരം കോവിഡ്-19 വാക്സിൻ ഇതാണ്.

## എനിക്ക് ഇതിനകം കോവിഡ്-19 ബാധിച്ചിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ മുമ്പ് ഒരു മോണോവേലന്റ് ബൂസ്റ്റർ എടുത്തിട്ടുണ്ടെങ്കിൽ ഞാൻ ഒരു ബൈവേലന്റ് ബൂസ്റ്റർ എടുക്കണോ?

വേണം, നിങ്ങൾക്ക് മുമ്പ് കോവിഡ്-19 ബാധിച്ചിട്ടുണ്ടെങ്കിലും മോണോവേലന്റ് ബൂസ്റ്റർ എടുത്തിട്ടുണ്ടെങ്കിലും നിങ്ങൾക്ക് യോഗ്യതയുണ്ടെങ്കിൽ, നവീകരിച്ച ബൈവേലന്റ് ബൂസ്റ്റർ എടുക്കാൻ ശുപാർശ ചെയ്യുന്നു. പരമാവധി ഫലപ്രാപ്തിക്കായി, അടുത്തിടെ കോവിഡ്-19 ബാധിച്ച വ്യക്തികൾ നവീകരിച്ച ബൂസ്റ്റർ ഡോസ് ഉൾപ്പെടെയുള്ള ഏതെങ്കിലും കോവിഡ്-19 വാക്സിൻ എടുക്കുന്നത് അവരുടെ രോഗലക്ഷണങ്ങൾ ആരംഭിച്ചതു മുതൽ അല്ലെങ്കിൽ പോസിറ്റീവ് ടെസ്റ്റ് മുതൽ 3 മാസം വരെ വൈകിക്കുന്നത് നന്നായിരിക്കും.

## ബൈവേലന്റ് ബൂസ്റ്ററിനായി ഞാൻ ഒരു പ്രത്യേക ബ്രാൻഡ് എടുക്കേണ്ടതുണ്ടോ?

6 മാസം മുതൽ 4 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ അവരുടെ പ്രാഥമിക സീരീസിന്റെ അതേ ബ്രാൻഡായ നവീകരിച്ച ബൈവേലന്റ് ഡോസ് എടുക്കണം.

ഒരു Pfizer പ്രാഥമിക സീരീസ് പൂർത്തിയാക്കിയ 5 വയസ്സുള്ള കുട്ടികൾ നവീകരിച്ച Pfizer ബൈവേലന്റ് ബൂസ്റ്റർ മാത്രമേ ഏടുക്കാവൂ.

ഒരു Moderna പ്രാഥമിക സീരീസ് പൂർത്തിയാക്കിയ 5 വയസ്സുള്ള കുട്ടികൾക്ക് നവീകരിച്ച ഒരു Moderna അല്ലെങ്കിൽ Pfizer ബൈവേലന്റ് ബൂസ്റ്റർ ഏടുക്കാവുന്നതാണ്.

6 വയസും അതിൽ കൂടുതലും ഉള്ളവർക്ക് പ്രാഥമിക സീരീസിനായി ലഭിച്ചത് ഏത് ബ്രാൻഡ് ആയിരുന്നാലും ഒരു Moderna അല്ലെങ്കിൽ Pfizer ബൈവേലന്റ് ബൂസ്റ്റർ എടുക്കാവുന്നതാണ്.

Washington State Department of Health

**DOH 825-082 December 2022 Malayalam**

ഈ ഡോക്യുമെന്റ് മറ്റൊരു ഫോർമാറ്റിൽ അഭ്യർഥിക്കാൻ 1-800-525-0127 ൽ വിളിക്കുക.ബധിരരായ അല്ലെങ്കിൽ കേൾവിക്കുറവുള്ള ഉപഭോക്താക്കൾ, ദയവായി 711 (വാഷിംഗ്ടൺ റിലെ) ലേക്ക് വിളിക്കുക അല്ലെങ്കിൽ civil.rights@doh.wa.gov ലേക്ക് ഇമെയിൽ ചെയ്യുക.